Kerala Kaumudi 14-09-18, P-2

# മണ്ണ് കൃഷിയോഗ്യമല്ലാതായി, ശ്രമദാനവുമായി കൃഷി വകുപ്പ് ജീവനക്കാർ

ചാലക്കുടി: പ്രളയാനന്തരം കൃഷിഭൂമിയെ തിരിച്ചുകൊണ്ടുവരികയെന്ന ദൗത്യവുമായി ജില്ലാ കൃഷി വകുപ്പ് ജീവനക്കാർ രംഗത്ത്. ചാലക്കുടി ബ്ലോക്കിലെ വിവിധ കൃഷിയിടങ്ങളിൽ നാന്നൂറ് ജീവനക്കാർ വെള്ളി, ശനി ദിവസങ്ങളിൽ മണ്ണുനീക്കം ചെയ്യാനെത്തും. സന്നദ്ധ സേനാംഗങ്ങളും ഇവർക്കൊപ്പമുണ്ടാകും. സഞ്ചരിക്കുന്ന മണ്ണുപരിശോധനാലബോറട്ടറിയുടെ സേവനവും ഈ ദിവസങ്ങളിൽ ലഭ്യമാകും. മഹാപ്രളയത്തിനു ശേഷം എല്ലാ ഭാഗത്തെയും മണ്ണ് കൃഷിയോഗ്യമല്ലാതായെന്നാണ് ജില്ലാ മണ്ണു പരിശോധനാ കേന്ദ്രത്തിന്റെ പ്രാഥമിക നിഗമനം. പശയോട്കൂടിയ ചെളിയാണ് ഇപ്പോൾ ഭൂരിഭാഗത്തും പരന്നുകിടക്കുന്നത്.

## കൃഷിയുടെ അന്തകനായി പശമണ്ണ്

പശയുള്ള മണ്ണിലേക്ക് വായുസഞ്ചാരമുണ്ടാകില്ല. എണ്ണയുടെ അംശങ്ങൾ, പ്ലാസ്റ്റിക് അവശിഷ്ടം, രാസവസ്തുക്കൾ തുടങ്ങിയവ മേലെയുള്ള ചളിയിൽ അടിഞ്ഞുകൂടിയിട്ടുണ്ട്. അളവില്ലാത്ത വിധം ബാക്ടീരിയകളും വന്നുപെട്ടതിനാൽ മണ്ണിരകളും സൂക്ഷ്മ ജീവികളും ചത്തൊടുങ്ങുന്നുണ്ട്. ചെളി നീക്കി പരിശോധിച്ചാൽ മാത്രമേ ഭൂമി കൃഷിക്ക് അനുയോജ്യമാണോയെന്ന് കണ്ടെത്താനാകൂ. സൂക്ഷ്മമൂലകങ്ങളുടെ വ്യതിയാനം തിരിച്ചറിഞ്ഞ് പരിഹരിക്കുകയും വേണം. അല്ലെങ്കിൽ ഭാവിയിൽ കൃഷിയെ പ്രതികൂലമായി ബാധിച്ചേക്കാം.

## എക്കൽ മണ്ണ് ഇക്കുറിയില്ല

ആദ്യകാലങ്ങളിലെ വെള്ളപ്പൊക്കങ്ങളിൽ വൻതോതിൽ എക്കൽ മണ്ണ് വന്നടിയാറുണ്ട്. എന്നാൽ ഇക്കുറി അതുണ്ടായില്ല. ഇതിന്റെ കൂടെ പതിന്മടങ്ങ് രാസവസ്തുക്കളും കലർന്നിട്ടുണ്ട്.

*- മണ്ണുപരിശോധനാ കേന്ദ്രം*